പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 391 — 28-06-2011-ൽ മറുപടിയ്ക്ക്

## കൊയിലാണ്ടിയിൽ സോക്കർ സ്കൂൾ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ: | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഒരു സോക്കർ സ്കൂൾ ആരംഭിക്കുന്നതിനായി കോഴിക്കോട് ജില്ലാഫുഡ്ബോൾ അസോസിയേഷൻ സമർപ്പിച്ച പ്രോജക്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുതപദ്ധതിഎന്നത്തേയ്ക്ക് പ്രാബ്യല്യത്തിൽ വരുത്തുമെന്ന് അറിയിക്കുമോ? | (എ) & (ബി) കോഴിക്കോട്ഫുട്ബാൾ അസോസിയേഷൻ സമർപ്പിച്ച നിവേദനം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 27-03-2008-ൽ കൂടിയ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം പരിശോധിക്കുകയുണ്ടായി.<br>ഏഷ്യൻഫുട്ബോൾ കോൺ ഫെഡറേഷൻ വിവിധ ഏഷ്യൻ രാജ്യങ്ങളിൽ ഫുട്ബോൾ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള 'വിഷൻ ഏഷ്യ' പദ്ധതി നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'വിഷൻ ഇന്ത്യാ കേരള' എന്ന പദ്ധതി കേരളത്തിൽ 14 ജില്ലകളിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കി വരുന്നു. ഈ സാഹചര്യത്തിൽ സമാനസ്വഭാവമുള്ള മറ്റ് ഫുഡ്ബോൾ പരിശീലന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.